# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 667</u> <u>13.06.2012-ൽ മറുപടിക്ക്</u>

## <u>നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം.പി.വിൻസെന്റ് :<br>,, പാലോട് രവി :<br>,, ഹൈബി ഈഡൻ :<br>,, ലൂഡി ലൂയിസ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം സമാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ 14 ജില്ലകളിലും നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് പ്രോഗ്രാം നിലവിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് തുടങ്ങിയ 5 ജില്ലകളിൽ കേന്ദ്രഗവൺമെന്റ് പദ്ധതി വഴിയും (എൻ.പി.സി.ഡി.സി.എസ്) ഈ പ്രോഗ്രാം നടന്നുവരുന്നു. |
| (ബി) പ്രസ്തുത പ്രോഗ്രാം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ജീവിതശൈലി രോഗങ്ങൾ ആരംഭഘട്ടത്തിൽ തന്നെ കണ്ടെത്താനും, നിയന്ത്രിക്കുവാനും രോഗികൾക്ക് ചികിത്സ ഉറപ്പാക്കുവാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>ഇതിനുപുറമേ ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്ന അനാരോഗ്യകരമായ ജീവിത രീതികൾ പ്രത്യേകിച്ച് പുകവലി, മദ്യപാനം, വ്യായാമക്കുറവ് തുടങ്ങിയവ കൊണ്ട് ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ, ആരോഗ്യ പ്രവർത്തകർ മുഖേനയും നോൺ ഗവൺമെന്റൽ ഓർഗനൈസേഷനുകൾ മുഖേനയും നടത്തിവരുന്നു. |
| (സി) ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പ്രോഗ്രാം വഴി പരിചരണം ലഭിക്കുന്നത് ; | (സി) സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം വഴി പ്രമേഹം, രക്താദിമർദ്ദം എന്നീ രോഗങ്ങൾക്കും കേന്ദ്രസർക്കാർ പദ്ധതിപ്രകാരം അഞ്ച് ജില്ലകളിൽ ഈ രോഗങ്ങൾക്ക് പുറമേ കാൻസർ, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം എന്നീ പകർച്ചേതര രോഗങ്ങൾക്കും കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം പരിചരണം നൽകുന്നു. |
| (ഡി) എല്ലാ ജില്ലകളിലും പ്രസ്തുത പ്രോഗ്രാം നടപ്പാക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (ഡി) സംസ്ഥാന സർക്കാരിന്റെ എൻ.സി.ഡി പദ്ധതി, സംസ്ഥാനത്തെ 14 ജില്ലകളിലും കേന്ദ്ര പദ്ധതി പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ കോഴിക്കോട് തുടങ്ങി അഞ്ച് ജില്ലകളിലും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ